എക്സൈസ് വകുപ്പിലെ എക്സൈസ് ഇൻസ്പെക്ടർ (Trainee) (Cat.No.497/19, 498/19), ജയിൽ വകുപ്പിലെ അസിസ്റ്റന്റ് ജയിലർ ഗ്രേഡ്-1 (Cat.No.494/19, 496/19) എന്നീ തസ്തികകളുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കായുള്ള ശാരീരിക അളവെടുപ്പ്, കായിക ക്ഷമതാ പരീക്ഷ എന്നിവ 23.05.2023 തീയതി മുതൽ രാവിലെ 5.00 മണി മുതൽ കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ വച്ച് നടത്തുന്നതിന് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ള **അഡ്മിഷൻ ടിക്കറ്റ്, Medical Certificate** (from civil surgeon) പ്രൊഫൈലിൽ അപ് ലോഡ് ചെയ്ത ശേഷം ഒറിജിനലും, **ID Card (**ഒറിജിനലും) സഹിതം രാവിലെ **5.00 മണിക്ക്** മുമ്പായി തന്നെ Admission Ticket-ൽ നിർദ്ദേശിച്ചിരിക്കുന്ന പരീക്ഷ കേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. നിശ്ചിത സമയത്തിന് (5.00 am) ശേഷം എത്തുന്ന ഉദ്യോഗാർത്ഥികളെ യാതൊരു കാരണവശാലും കായിക ക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായിക ക്ഷമതാ പരീക്ഷയിൽ വിജയിക്കുന്ന ഉദ്യോഗാർത്ഥികൾക്കുള്ള One Time Verification (OTV) അന്നേ ദിവസം തന്നെ ബന്ധപ്പെട്ട മേഖലാ ഓഫീസിൽ വച്ച് നടത്തുന്നതാണ്. പരീക്ഷാ കേന്ദ്രങ്ങളുടെ മാറ്റം, തീയതി/ സമയം മാറ്റം എന്നിവ യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല. ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റുകൾ **10.05.2023** തീയതി മുതൽ പ്രൊഫൈലിൽ ലഭ്യമാക്കുന്നതാണ്.